<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1478. — 31.10.2019-ൽ മറുപടിക്ക്

<u>ശുചിത്വ സാഗരം പദ്ധതി</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ആൻസലൻ**<br>**,, കെ.വി.അബ്ദുൾ ഖാദർ**<br>**,, എം. നൗഷാദ്**<br>**,, വി. കെ. സി. മമ്മത് കോയ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കടലിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സംസ്ഥാനത്ത് ആരംഭിച്ച ശുചിത്വ സാഗരം പദ്ധതി കൂടുതൽ ക്രിയാത്മകമായി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കടലിലെ ജീവജാലങ്ങളുടെ നിലനില്പിനും, ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായ പ്ലാസ്റ്റിക് മാലിന്യങ്ങളെ കടലിൽ നിന്നും മത്സ്യബന്ധന ബോട്ടുകൾ വഴി ശേഖരിച്ച് സംസ്കരിച്ച് ഉപഉല്പന്നങ്ങളാക്കി മാറ്റുന്നതിനായി ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ്, ശുചിത്വമിഷൻ, സാഫ് എന്നിവ മുഖേന കൊല്ലം ജില്ലയിലെ നീണ്ടകര, ശക്തികുളങ്ങര ഹാർബറുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ശുചിത്വ സാഗരം പദ്ധതി. പദ്ധതി ക്രിയാത്മകമായി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കടലിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പുറമേ കായലിൽ നിന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കൂടി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നു. കൊല്ലം ജില്ലയിൽ ആരംഭിച്ച പദ്ധതി മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>ശുചിത്വസാഗരം പദ്ധതിയുടെ സുഗമവും ഫലപ്രദവുമായ നടത്തിപ്പിനായി ഒരു മാനേജ്മെൻറ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>പരീക്ഷണാടിസ്ഥാനത്തിൽ നീണ്ടകര ഹാർബറിൽ ആരംഭിച്ച പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 63.00 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളത് സർക്കാർ പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | മത്സ്യബന്ധനത്തിനിടയിൽ വലയിൽ കുടുങ്ങുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കരക്കെത്തിച്ച് കഴുകി വൃത്തിയാക്കി ഷ്രെഡ്ഡിംഗ് യൂണിറ്റ് വഴി ചെറുതാക്കി റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനായി ശുചിത്വ മിഷൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; | (ബി) | ശുചിത്വസാഗരം പദ്ധതി നടപ്പിലാക്കുന്നതിന് ശുചിത്വമിഷനിൽ നിന്ന് ഇതുവരെ ആകെ 24.20 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ലഭിച്ചിട്ടുണ്ട്. |
| (സി) | മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിന് ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതിയ്ക്ക് ഐക്യരാഷ്ട്ര സഭയുടെയും ലോക സാമ്പത്തിക ഫോറത്തിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | അംഗീകാരം ലഭിച്ചിട്ടില്ല. ലോക സാമ്പത്തിക ഫോറത്തിന്റെ വെബ് സൈറ്റിൽ ഈ പദ്ധതിയെക്കുറിച്ചുള്ള വിവരണവും യു.എൻ റിപ്പോർട്ടും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ